ഉത്തരം

(എ) ഇല്ല.

(ബി) ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പ്രധാനമന്ത്രി, നഗരകാര്യ വകുപ്പുമന്ത്രി എന്നിവരെ നേരിൽക്കണ്ട് ഗുരുവായൂർ ഉൾപ്പെടെ സംസ്ഥാനത്തെ ഏഴ് നഗരങ്ങളെ ദേശീയ പിൽഗ്രീം സിറ്റികളായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

പാർട്ട്ണർ കേരള നഗരവികസന സംഗമം

96 (2729) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർട്ട്ണർ കേരള നഗരവികസന സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) നഗരവികസന പദ്ധതികൽക്ക് പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ നിക്ഷേപകരെ തേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംഗമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ ;

(സി) ഏതെല്ലാം മേഖലകളിലുള്ള പദ്ധതികളാണ് ഇതിൽ അവതരിപ്പി ക്കപ്പെടുന്നത് ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 2014 ഫെബ്രുവരി 24, 25 തീയതികളിൽ കൊച്ചി ടാജ് ഗേറ്റ് വേയിൽ വച്ച് പാർട്ട്ണർ കേരള നഗരവികസന സംഗമം നടത്തിയിരുന്നു.

(ബി) പാർട്ട്ണർ കേരള മീറ്റിൽ ആകെ 90 പ്രോജക്ടുകളാണ് അവതരിപ്പിച്ചത്. പ്രോജക്ട് പ്രൊഫൈലുകളുടെ 'പവർ പോയിന്റ്' അവതരണത്തിലൂടെ മൂന്ന് ഹാളിലായി അവതരണത്തിൽ പങ്കെടുത്ത നിക്ഷേപകർ മുമ്പാകെ ടി പ്രോജക്ടുകൾ വിശദീകരിച്ചു പദ്ധതികൾ സംബന്ധിച്ച് ആശയ വിനിമയം നടത്തുന്നതിനുമായി ബന്ധപ്പെട്ട നഗരസഭാ അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും എഞ്ചിനീയർമാർക്കും നിക്ഷേപകർക്കും വേദി ഒരുക്കി അവസരം നൽകി. വിവിധ മേഖലകളിലുള്ള പദ്ധതികൾക്കനുസരിച്ച് സാങ്കേതിക വിവരം ചർച്ച ചെയ്യുന്നതിന് ശുചിത്വമിഷൻ ഉദ്യോഗസ്ഥരുടെയും ചീഫ്

LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പ്, പ്രോജക്ട് ഡയറക്ടർ കെ.എസ്.യു.ഡി.പി., ചീഫ് ടൗൺ പ്ലാനർ തുടങ്ങിയ ഉദ്യോഗസ്ഥരുടെ സേവനവും ലഭ്യമാക്കിയിരുന്നു. കൂടാതെ നിക്ഷേപകരുടെ ആശയ നിവാരണത്തിനായി അവസരവും ഒരുക്കിയിരുന്നു.

(സി) സോളിഡ് വേസ്റ്റ് മാനേജ്മെന്റ്, ഷോപ്പിംഗ് കോംപ്ലക്സ്, കൺവെൻഷൻ സെന്റർ, മൾട്ടിപ്ലക്സ് സിനിമാഹാൾ, അമ്യൂസ്മെന്റ് പാർക്ക്, ഫ്ലൂട്ട് ഓവർ ബ്രിഡ്ജ്, പാർക്കിംഗ് മാർക്കറ്റ്, ബസ് ടെർമിനൽ, കംഫർട്ട് സ്റ്റേഷൻ, പാർക്ക്, നഗരവൽക്കരണം, സ്ട്രീറ്റ് ലൈറ്റ്, ഹോർഡിംഗ്സ് എന്നീ മേഖലകളിലുള്ള പദ്ധതികളാണ് നഗരവികസന സംഗമത്തിൽ അവതരിപ്പിച്ചിട്ടുള്ളത്.

അർബൻ 2020 പദ്ധതി

97 (2730) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഏതെല്ലാം നഗരങ്ങളെയാണ് അർബൻ 2020 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

താഴെപ്പറയുന്ന 30 നഗരങ്ങളെയാണ് അർബൻ 2020 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് :

1. കോഴിക്കോട് നഗരസഭ
2. തൃശ്ശൂർ നഗരസഭ
3. കൊച്ചി നഗരസഭ
4. കൊല്ലം നഗരസഭ
5. ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റി
6. കൽപ്പറ്റ മുനിസിപ്പാലിറ്റി
7. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി
8. ചാലക്കുടി

LIBRARY ARCHIVES Kerala Legislative Assembly